**പതിനാലാം കേരള നിയമസഭ**

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3798 — 15.05.2017 -ൽ മറുപടിക്ക്

**വില്ലേജ് ഓഫീസുകളെ ജനസൗഹൃദമാക്കുന്നതിന് നടപടി**

| **ചോദ്യം** | | **ഉത്തരം** |
|---|---|---|
| ശ്രീ.കെ.വി.വിജയദാസ് | | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) കേരളത്തിലെ മുഴുവൻ വില്ലേജ് ഓഫീസുകളേയും ആധുനികവൽക്കരിക്കുന്നതിനും ജനസൗഹൃദമാക്കുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; ഇതിന്റെ വിശദവിവരം നൽകുമോ; | (എ) | കേരളത്തിലെ മുഴുവൻ വില്ലേജ് ഓഫീസുകളെയും ആധുനികവൽക്കരിക്കുന്നതിനും ജനസൗഹൃദമാക്കുന്നതിനുമായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതും സ്വീകരിച്ചിട്ടുള്ളതുമായ നടപടികൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) നിലവിലുള്ള പല നടപടി ക്രമങ്ങളും കാലഹരണപ്പെട്ടതാണെന്ന് സർക്കാരിന് അഭിപ്രായമുണ്ടോ; എങ്കിൽ ആയവ കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ? | (ബി) | ഇ-ഗവേണൻസിന്റെ സഹായത്തോടുകൂടി പല നടപടിക്രമങ്ങളിലും മാറ്റം വരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## ഇ- ഡിസ്ട്രിക്ട്

സംസ്ഥാനത്തെ എല്ലാ താലൂക്ക്/വില്ലേജ് ഓഫീസുകളിലും നടപ്പിലാക്കിയിട്ടുള്ള ഇ-ഡിസ്ട്രിക്ട് പദ്ധതി മുഖേന 24 ഇനം സർട്ടിഫിക്കറ്റുകൾ ഓൺലൈനായി നൽകിവരുന്നു.

## സംയോജിത ഓൺലൈൻ പോക്കുവരവ് (റെലിസ്)

ഭൂസംബന്ധമായി റവന്യൂ, രജിസ്ട്രേഷൻ, സർവ്വേ വകുപ്പുകൾ നൽകുന്ന സേവനങ്ങളെ പരസ്പരം ബന്ധപ്പെടുത്തി, കൈമാറ്റം ചെയ്യപ്പെടുന്ന ഭൂമിയുടെ പോക്കുവരവ് ഓൺലൈനായി സാധ്യമാക്കുന്ന ഈ പദ്ധതി സംസ്ഥാനത്തെ 1185 വില്ലേജുകളിൽ ഇതിനോടകം നടപ്പിലാക്കിയിട്ടുണ്ട്.

## ഇ-പെയ്മെന്റ് സിസ്റ്റം

സംസ്ഥാനത്ത് സംയോജിത ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കിയിട്ടുള്ള വില്ലേജുകളിൽ ഓൺലൈൻ വഴി നികുതി ഒടുക്കുന്നതിനുള്ള ഇ-പെയ്മെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇപ്പോൾ ഭൂനികുതി മാത്രമാണ് ഈ സംവിധാനം വഴി അടയ്ക്കുവാൻ സാധിക്കുക. റവന്യൂ വകുപ്പ് സ്വീകരിക്കുന്ന എല്ലാ വിധ നികുതികളും ഫീസുകളും ഓൺലൈനായി വില്ലേജ് ഓഫീസ് മുഖേനയോ നേരിട്ടോ ഈ സംവിധാനം വഴി സ്വീകരിക്കാനുള്ള നടപടികൾ ഘട്ടം ഘട്ടമായി നടപ്പിലാക്കി വരുന്നു.

## ആർ.ആർ.ഓൺലൈൻ

റവന്യൂ റിക്കവറി പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി നിലവിലുള്ള ഓഫ് ലൈൻ, ഓൺലൈൻ സംവിധാനങ്ങൾ സംയോജിപ്പിച്ച് റിക്വിസിഷൻ ഓഫീസ് മുതൽ വില്ലേജ് തലം വരെ ബന്ധിപ്പിക്കുന്ന പുതിയ ഓൺലൈൻ സംവിധാനമാണിത്. ഇതിലൂടെ അർത്ഥനാധികാരികൾക്ക് റവന്യൂ റിക്കവറി സംബന്ധിച്ച വിവരങ്ങൾ നേരിട്ട് രേഖപ്പെടുത്തുവാനും ജില്ല, താലൂക്ക് അധികാരികൾക്ക് ഓൺലൈനായി റവന്യൂ റിക്കവറി സംബന്ധിച്ച നടപടികൾ സ്വീകരിക്കുവാനും കഴിയും. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

## സ്മാർട്ട് വില്ലേജാഫീസ് പദ്ധതി

സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റി അവയിൽ നിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശത്തോടു കൂടിയാണ് 'സ്മാർട്ട്' (SMART) റവന്യൂ ഓഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഇതനുസരിച്ച് വില്ലേജ് ഓഫീസുകളിൽ നിന്നുള്ള സേവനങ്ങൾ പൗരന് ഏത് സമയത്ത് എവിടെ വച്ചും (Any time Any where) ലഭ്യമാക്കുവാനാണ് ലക്ഷ്യമിടുന്നത്.

സെക്ഷൻ ഓഫീസർ